2026
MAY
19
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# യുഡിഎഫ് സർക്കാർ അധികാരമേറ്റു; പ്രതീക്ഷയോടെ കേരളം



*വി.ഡി സതീശൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു*

**തിരുവനന്തപുരം:** വൻ ജനാവലിയുടെ സാന്നിധ്യത്തിൽ യുഡിഎഫ് പ്രവർത്തകരുടെ ആവേശം വാനോളമുയർത്തി മുഖ്യമന്ത്രി വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള യു.ഡി. എഫ് മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. സെക്രട്ടേറിയറ്റിന് സമീപത്തെ സെൻട്രൽ സ്റ്റേഡിയത്തിലെ പ്രത്യേക വേദിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി ഉൾപ്പെടെ 21 മന്ത്രിമാരാണ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റത്. മുഖ്യമന്ത്രി വി. ഡി. സതീശനൊപ്പം പി. കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, സണ്ണി ജോസഫ്, കെ. മുരളീധരൻ, മോൻസ് ജോസഫ്, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, സി. പി. ജോൺ, എ. പി. അനിൽകുമാർ, എൻ. ഷംസുദ്ദീൻ, പി. സി. വിഷ്ണുനാഥ്, റോജി എം. ജോൺ, ബിന്ദു കൃഷ്ണ, എം. ലിജു, കെ. എം. ഷാജി, പി. കെ. ബഷീർ, വി. ഇ. അബ്ദുൾ ഗഫൂർ, ടി. സിദ്ദിഖ്, കെ. എ. തുളസി, ഒ. ജെ. ജനീഷ് എന്നിവരാണ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തത്. മന്ത്രിമാരായ ഷിബു ബേബി ജോൺ, സി പി ജോൺ എന്നിവർ സഗൗരവവും മുഖ്യമന്ത്രി വി ഡി സതീശനും മറ്റ് മന്ത്രിമാരും ദൈവനാമത്തിലും സത്യപ്രതിജ്ഞ ചെയ്തു. ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, എംപിമാരായ പ്രിയങ്ക ഗാന്ധി, കെ. സി. വേണുഗോപാൽ, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി. കെ. ശിവകുമാർ, തെലങ്കാന മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡി, ഹിമാചൽ പ്രദേശ് മുഖ്യമന്ത്രി സുഖ് വിന്ദർ സിങ് സുഖു, നിയുക്ത പ്രതിപക്ഷനേതാവ് പിണറായി വിജയൻ, മുൻ കേന്ദ്രമന്ത്രി അംബികാ സോണി, നിയുക്ത സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, നിയുക്ത ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, ചീഫ് സെക്രട്ടറി എ ജയതിലക്, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ, ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ, നയതന്ത്ര പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിനായി സെൻട്രൽ സ്റ്റേഡിയത്തിലും പരിസര പ്രദേശങ്ങളിലും വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഒരുക്കിയിരുന്നത്

# ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കംക്കുറിച്ച് യുഡിഎഫ് സർക്കാർ; പ്രഖ്യാപനം നടത്തി മുഖ്യമന്ത്രി

### *ജൂൺ 15 മുതൽ സ്ത്രീകൾക്ക് കെഎസ്ആർടിസിയിൽ സൗജന്യ യാത്ര * ആശാവർക്കർമാരുടെ വേതനം 3000 രൂപ വർധിപ്പിച്ചു. * വയോജനങ്ങൾക്ക് പ്രത്യേക വകുപ്പ് രൂപീകരിക്കും *അങ്കണവാടി ജീവനക്കാരുടെ വേതനത്തിൽ ആദ്യഘട്ടമായി 1000 രൂപ വർധിപ്പിക്കും. * പാചകതൊഴിലാളികൾക്കും പ്രീ പ്രൈമറി അധ്യാപകർക്കും ആയമാർക്കും ആയിരം രൂപ വർധന

**തിരുവനന്തപുരം:** ആദ്യ മന്ത്രിസഭ യോഗത്തിൽ തന്നെ ജനക്ഷേമ പ്രഖ്യാപനങ്ങളുമായി മുഖ്യമന്ത്രി വി.ഡി. സതീശൻ. യുഡിഎഫ് മുന്നോട്ടുവച്ച അഞ്ച് ഇന്ദിരാ ഗ്യാരികളിൽ രണ്ണെം ഉടൻ നടപ്പാക്കുമെന്ന് ആദ്യ മന്ത്രിസഭാ യോഗത്തിനു ശേഷം മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ജൂൺ 15 മുതൽ സ്ത്രീകൾക്ക് കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്ര അനുവദിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ പിന്നീട് അറിയിക്കുമെന്നും അദ്ദേഹം പറഞ്ഞു. വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് ആരംഭിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ആശാവർക്കർമാരുടെ വേതനം 3000 രൂപ വർധിപ്പിക്കാനും മന്ത്രിസഭ തീരുമാനിച്ചു. അങ്കണവാടി ജീവനക്കാരുടെ വേതനത്തിൽ ആദ്യഘട്ടമായി 1000 രൂപ വർധിപ്പിക്കും. പാചകത്തൊഴിലാളികൾക്കും പ്രീപ്രൈമറി അധ്യാപകർക്കും ആയമാർക്കും ആയിരം രൂപ വീതം വർധന അനുവദിച്ചുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.





*മുഖ്യമന്ത്രി വി.ഡി സതീശന്റെ നേതൃത്വത്തിൽ ചേർന്ന് യുഡിഎഫ് സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗം.*

നിയമസഭയിലെ മുതിർന്ന അംഗമായ ജി. സുധാകരനെ പ്രോടേം സ്പീക്കറായി നിയമിക്കാനും മന്ത്രിസഭ തീരുമാനിച്ചു. ജൈജു ബാബുവിനെ അഡ്വക്കേറ്റ് ജനറലായി നിയമിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് സർക്കാർ ധവളപത്രം പുറത്തിറക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. അഡ്വ. ജൈജു ബാബുവിനെ ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ജനറലായി നിയമിക്കും. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി ടി. അസഫലിയെ തീരുമാനിച്ചു. മുൻ സർക്കാരിന്റെ കാലത്ത് നവകേരള സദസുമായി ബന്ധപ്പെട്ട് ആലപ്പുഴയിൽ എത്തിയ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന പിണറായി വിജയനെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരെ രക്ഷാപ്രവർത്തനം എന്ന പേരിൽ മുഖ്യമന്ത്രിയുടെ ഗൺമാൻമാർ തല്ലിചതച്ച സംഭവത്തിൽ കോടതി നിർദ്ദേശപ്രകാരം അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. അന്ന് തല്ലുകൊണ്ടവരിൽ ഒരാളായ എ.ഡി തോമസ് ഇത്തവണ ആലപ്പുഴയിൽ നിന്നും നിയമസഭയിലേക്ക് മൽസരിക്കുകയും വിജയിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെട്ട് സാമ്പത്തിക വിദഗ്ദരുമായി ആലോചിച്ച് ധവള പത്രം പുറത്തിറക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പതിവുപോലെ എല്ലാ ബുധനാഴ്ചയുമായിരിക്കും മന്ത്രിസഭാ യോഗം ചേരുകയെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. 21 ന് നിയമസഭാ സമ്മേളനം വിളിച്ചു ചേർക്കാൻ ഗവർണ്ണറോട് ശുപാർശ ചെയ്യും. 22 ന് സ്പീക്കർ തിരഞ്ഞെടുപ്പ് നടക്കും. ജി. സുധാകരൻ ആണ് പ്രോടേം സ്പീക്കർ. 29 ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഉണ്ടാകും.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കൊച്ചി ലോക ധർമി തിയറ്റർ :** ജനപ്രഭ മേനോന്റെ മോഹിനിയാട്ടം ശിൽപ്പശാല രാവിലെ 10ന്.

■ **കണ്ണൻനായർ സ്മാരക സാംസ്കാരിക കേന്ദ്രം :** പ്രഭാഷണം :- അശ്വിനി കുമാർ, പൊറ്റക്കാടിന്റെ കഥകൾ - വൈകിട്ട് 6ന്.

■ **ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ആഴ്ചവട്ടം കലാസംഗമം, 6.30ന് എഫ്എം സ്വരക്കൂട്ട്.

■ **പത്തടിപ്പാലം പൊതുമരാമത്ത് റസ്റ്റ് ഹൗസ്സ് :** മനുഷ്യാവകാശ കമ്മിഷൻ സിറ്റിംഗ് -മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാർ തോമസ് രാവിലെ 10.30 ന് നടത്തും.

## ഇലഞ്ഞി

■ **സെന്റ് ഫിലോമിനാസ് സ്കൂൾ :** സെന്റ് ഫിലോമിനാസ് സ്കൂൾ, കൂത്താട്ടുകുളം ദേവമാതാ ആശുപത്രി, ഇലഞ്ഞി അപ്പച്ചി വൈദ്യൻസ് ആയുർവേദ ആശുപത്രി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി നടത്തുന്ന ആരോഗ്യ വിദ്യാഭ്യാസ സെമിനാർ രാവിലെ 9.30ന് ഇലഞ്ഞി പഞ്ചായത്ത് പ്രസിഡന്റ് കെ. ജി ഷിബു ഉദ്ഘാടനം ചെയ്യും. പി.റ്റി.എ. പ്രസിഡന്റ് മാജി സന്തോഷ് അധ്യക്ഷയാവും, ഡോ. സിസ്റ്റർ അൽഫോൻസ് കാർഡിയോളജിസ്റ്റ് മുഖ്യപ്രഭാഷണം നടത്തും.

## മൂവാറ്റുപുഴ

■ **മൂവാറ്റുപുഴ ഹൗസിങ് സഹകരണ സംഘം ഓഡിറ്റോറിയം :** ബാലസംഘം മൂവാറ്റുപുഴ ഏരിയ കമ്മിറ്റി സംഘടിപ്പിക്കുന്ന ലീഡേഴ്സ് സമ്മർ ക്യാമ്പും ഹാപ്പിനെസ് ഫെസ്റ്റും രാവിലെ 8.30ന് , കെ കെ ചന്ദ്രൻ, പി വി ഷാജി, എബ്രാൻ സജി, വിഎസ് കാശിനാഥ്, മിനി ബൈജു എന്നിവർ ക്ലാസെടുക്കും.

## കാലടി

■ **കൈപ്പട്ടൂർ ബോസ്കോ ഹാൾ :** ശ്രീശങ്കര നൃത്തസംഗീതോത്സവത്തിന്റെ ഭാഗമായി വൈകിട്ട് 5ന് ഭരതനാട്യം, 6ന് ഒഡിസി നൃത്തം, 6.30ന് മോഹിനിയാട്ടം തുടർന്ന് ഭരതനാട്യം.

## അങ്കമാലി

■ **എ പി. കുര്യൻ സ്മാരക മന്ദിരം :** കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡന്റ്, സിപിഐ എം ഏരിയ കമ്മിറ്റി അംഗം എം കെ മോഹനൻ അനുസ്മരണം രാവിലെ 10ന് കെഎസ്കെടിയു സംസ്ഥാന ട്രഷറർ സി ബി ദേവദർശനൻ ഉദ്ഘാടനം ചെയ്യും.

## മട്ടാഞ്ചേരി

■ **പനയപ്പിള്ളി എം എം ഒ വി എച്ച് എസ് ഹാൾ :** സ്ഥലത്തെ കൃപ തണൽ ചൈൽഡ് ഡവലപ്മെന്റ് സെന്റർ കുട്ടികൾക്കായിയുള്ള സൗജന്യമെഡിക്കൽ ക്യാമ്പ് രാവിലെ 9ന് എം എൽ എ മുഹമ്മദ് ഷിയാസ് ഉദ്ഘാടനം ചെയ്യും.

# അമ്മാളു അമ്മയെത്തി; മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ കൺനിറയെ കണ്ടു

**തിരുവനന്തപുരം:** പറവൂർ സ്വദേശിനി അമ്മാളു അമ്മ എന്ന സീതാലക്ഷ്മി അമ്മാൾ തിരുവനന്തപുരത്തേക്ക് എത്തിയത് രണ്ട് ആഗ്രഹങ്ങളുമായി ആയിരുന്നു. താൻ മകനെപ്പോലെ സ്നേഹിക്കുന്ന വി.ഡി സതീശൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതിന് സാക്ഷിയാകാനും ഒന്ന് ആശ്ലേഷിക്കാനും. ആഗ്രഹസാഫല്യത്തിന്റെ സന്തോഷത്തിലാണ് അമ്മാളു അമ്മ തിരികെ മടങ്ങുന്നത്. മുഖ്യമന്ത്രി വി.ഡി സതീശനൊപ്പം രാഹുൽ ഗാന്ധിയെയും വേദിയിലെത്തി അമ്മാളു അമ്മയ്ക്ക് കെട്ടിപ്പിടിക്കാനായി. വി.ഡി സതീശനൊപ്പമുള്ള ചിത്രവുമുയർത്തി സദസ്സിൽ നിന്ന അമ്മാളു അമ്മയെ രാവിലെത്തന്നെ മാധ്യമപ്രവർത്തകർ വാർത്തയിലൂടെ പുറംലോകത്തെ അറിയിച്ചിരുന്നു. ഇത് ശ്രദ്ധയിൽപെട്ട മുഖ്യമന്ത്രിയുടെ സ്റ്റാഫ് അംഗങ്ങളാണ് അവരെ വേദിയിൽ എത്തിച്ചത്. പ്രളയകാലത്ത് ചേർത്തുപിടിച്ച പറവൂർ എം.എൽ.എ യായിരുന്ന മുഖ്യമന്ത്രി വി.ഡി സതീശനാണ് സീതാലക്ഷ്മി അമ്മാളിന് അമ്മാളു അമ്മ എന്ന് പേരിടുന്നത്. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാനെത്തിയ അമ്മാളു അമ്മയോട് വി.ഡി സതീശൻ മകനെപ്പോലെയാണോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മകൻ തന്നെയാണ് എന്നായിരുന്നു മറുപടി. സ്വന്തമായി മക്കളില്ലാത്ത അമ്മാളു അമ്മ മുഖ്യമന്ത്രി വി.ഡി സതീശനെ സ്വന്തം മകനായാണ് കാണുന്നത്.



# സീനിയർ ചേമ്പർ ഇന്റർനാഷണൽ ഭാരവാഹികൾ ചുമതലയേറ്റു

**കോട്ടയം :** സീനിയർ ചേമ്പർ ഇന്റർനാഷണൽ കോട്ടയം ലീജിയന്റെ 2026-27 വർഷത്തെ ഭാരവാഹികൾ ചുമതലയേറ്റു. ഡോ.പി.ബാലചന്ദ്രൻ (പ്രസിഡന്റ്) സോണി ജോൺ (സെക്രട്ടറി) ജോസ് തോമസ്(ട്രഷറർ) ജോയൽ തോമസ്(ജോയിന്റ് സെക്രട്ടറി) ഡോ.സുമ ദേവി (ചെയർപേഴ്സൺ) എന്നിവരാണ് പുതിയ ഭാരവാഹികൾ. ലീജിയൺ പ്രസിഡന്റ് വി.എം. സുരേന്ദ്രന്റെ അധ്യക്ഷതയിൽ കൂടിയ യോഗം കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ.വർഗീസ് പി.പുന്നൂസ് ഉദ്ഘാടനം ചെയ്തു.







*സീനിയർ ചേമ്പർ ഇന്റർനാഷണൽ കോട്ടയം ലീജിയന്റെ പുതിയ ഭാരവാഹികളായ ഡോ. പി. ബാലചന്ദ്രൻ, (പ്രസിഡന്റ്),സണ്ണി ജോൺ (സെക്രട്ടറി), ജോസ് തോമസ് (ട്രഷറർ) എന്നിവർ.*

ദേശീയ ഡയറക്ടർ കെ. പി. വേണുഗോപാൽ, ദേശീയ കോർഡിനേറ്റർമാരായ അജിമോൻ കെ. വർഗീസ്, ഡോ. ജി.പ്രമോദ്, ടി.എസ്.ലാലു, ചെയർപേഴ്സൺ കെ.ജീന, ചാർട്ടർ പ്രസിഡന്റ് എ.പി തോമസ്, രമേഷ് കുമാർ, സണ്ണി ജോൺ എന്നിവർ പ്രസംഗിച്ചു. സീനിയർ ചേമ്പർ ഇന്റർനാഷണലിന്റെ ദേശീയ പുരസ്കരാമായ റെസ്പോൺസിബിൾ ആന്റ് ആക്റ്റീവ് സിറ്റിസൺസ് അവാർഡ് നവജീവൻ ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റിയായ പി.യു തോമസിനും, മാധ്യമ പുരസ്കാരം കലാ കൗമുദി കോട്ടയം ബ്യൂറോചീഫ് ടിജി കെ.തോമസിനും നൽകി ആദരിച്ചു.



*സീനിയർ ചേമ്പർ ഇന്റർനാഷണൽ ഏർപ്പെടുത്തിയ മാധ്യമ പുരസ്കാരം കലാ കൗമുദി കോട്ടയം ബ്യൂറോ ചീഫ് ടിജി കെ.തോമസ് ഏറ്റുവാങ്ങുന്നു.*

# തൈറോയ്ഡ് പ്രശ്നങ്ങൾ രക്തസമ്മർദ്ദം വർധിപ്പിക്കാമെന്ന് വിദഗ്ധർ

**തിരുവനന്തപുരം :** ഹൈപ്പോതൈറോയിഡിസം എന്ന തൈറോയ്ഡ് ഹോർമോൺ കുറവുള്ള അവസ്ഥ ഹൈപ്പർടെൻഷൻ അഥവാ ഉയർന്ന രക്തസമ്മർദ്ദത്തിനുള്ള സാധ്യത വർധിപ്പിക്കാമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകി. ഉയർന്ന രക്തസമ്മർദ്ദത്തോടൊപ്പം ക്ഷീണം, ഭാരം കൂടുക, വരണ്ട ചർമ്മം, തണുപ്പ് അധികം അനുഭവപ്പെടുക തുടങ്ങിയ ലക്ഷണങ്ങൾ ഉള്ളവർ തൈറോയ്ഡ് പരിശോധന നടത്തണമെന്ന് ഡോ. മോഹൻ ടി ഷേണായി വ്യക്തമാക്കി, ഹൈപ്പോതൈറോയിഡിസം ഹൃദയമിടിപ്പ് കുറയ്ക്കുകയും രക്തക്കുഴലുകൾ കട്ടിയാക്കുകയും രക്തസമ്മർദ്ദം ഉയർത്തുകയും ചെയ്യാം. സമയബന്ധിത ചികിത്സയും ആരോഗ്യകരമായ ജീവിതശൈലിയും ഹൃദയാരോഗ്യം സംരക്ഷിക്കാൻ സഹായിക്കുമെന്ന് വിദഗ്ധർ വ്യക്തമാക്കി.

# ദേശീയപാത 66ലെ വെള്ളക്കെട്ട് പരിഹരിക്കൽ: ജില്ലാ ഭരണകൂടങ്ങളുമായി കൈകോർത്ത് ദേശീയപാത അതോറിറ്റി

**കൊച്ചി:** കാലവർഷത്തിന് മുന്നോടിയായി നടപടിക്രമങ്ങളുമായി ദേശീയപാത അതോറിറ്റി. ദേശീയപാത 66നോട് ചേർന്നുള്ള പ്രദേശങ്ങളിൽ, റിപ്പോർട്ട് ചെയ്യപ്പെടുന്ന വെള്ളക്കെട്ടും, ഡ്രെയിനേജ് പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി 34.8 കോടി രൂപയുടെ വിപുലമായ പാക്കേജിന് അനുമതി നൽകി. ആകെ അനുവദിച്ച തുകയിൽ 10.91 കോടി രൂപ മലപ്പുറം ജില്ലയ്ക്കും, 14.92 കോടി രൂപ തൃശൂർ ജില്ലയ്ക്കും, 8.97 കോടി രൂപ കൊല്ലം ജില്ലയ്ക്കുമാണ് വകയിരുത്തിയിരിക്കുന്നത്. മറ്റ് ജില്ലകളിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെയും, സാങ്കേതിക സൂക്ഷ്മപരിശോധന നടത്തിയതിന്റെയും, അംഗീകാരങ്ങൾക്കായുള്ള നടപടികൾ പുരോഗമിക്കുകയാണ്. മഴക്കാലത്ത് സർവീസ് റോഡുകളിലും സമീപത്തെ വീടുകളിലും വെള്ളം കയറുന്നത് തടയുന്നതിനായി, സംയോജിത ഡ്രെയിനേജ് ശൃംഖല നിർമ്മിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തോടുകൾ അടഞ്ഞുപോയതും, ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങളും, റോഡിന് പുറത്തുനിന്നുള്ള വെള്ളം ഒഴുകിപ്പോകാൻ വഴിയില്ലാത്തതുമാണ് വെള്ളക്കെട്ടിന് പ്രധാന കാരണം. ഇതിന് പരിഹാരമായി, ദേശീയപാതയിലെ കാനകളെ അടുത്തുള്ള തോടുകളുമായും ജലാശയങ്ങളുമായും ബന്ധിപ്പിക്കുന്നതിനുള്ള മുഴുവൻ ചെലവും എൻ.എച്ച്.എ.ഐ തന്നെ വഹിക്കും. പദ്ധതിക്ക് മുന്നോടിയായി ഈ വർഷം ജനുവരി 16നും, മെയ് 13 നും സംസ്ഥാന ഗവൺമെന്റുമായി ഉന്നതതല യോഗം ചേർന്നിരുന്നു.

ഓരോ പ്രദേശത്തെയും പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റുകൾ അതത് വകുപ്പുകൾ വഴി തയ്യാറാക്കാൻ ജില്ലാ ഭരണകൂടങ്ങളോട് ഈ യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. വെള്ളക്കെട്ടുകൾ ഒഴിവാക്കാനുള്ള ജോലികളുടെ മുഴുവൻ ചെലവും എൻ.എച്ച്.എ.ഐ തന്നെ വഹിക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകൾ സമർപ്പിച്ച എസ്റ്റിമേറ്റുകൾ പരിഗണിച്ചാണ് ഇപ്പോൾ മൂന്ന് ജില്ലകളിലെ സാമ്പത്തിക പാക്കേജിന് അനുമതി നൽകിയിരിക്കുന്നത്. കനത്ത മഴയുള്ള സമയങ്ങളിൽ ആവർത്തിച്ചുള്ള വെള്ളക്കെട്ട് മൂലം ബുദ്ധിമുട്ടുന്ന ദേശീയപാതയ്ക്ക് സമീപം താമസിക്കുന്ന ജനങ്ങൾക്ക് പദ്ധതി വലിയ ആശ്വാസമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഓരോ പ്രദേശത്തേയും, ഭൂപ്രകൃതിയും വെള്ളപ്പൊക്ക പ്രശ്നങ്ങളും കൃത്യമായി അറിയാവുന്ന തദ്ദേശ സ്വയംഭരണ വകുപ്പിലെ (എൽ.എസ്.ജി.ഡി) എൻജിനീയർമാരും ജില്ലാ സാങ്കേതിക വിദഗ്ധരുമാണ് ഇതിന്റെ കണക്കുകളും പ്ലാനുകളും തയ്യാറാക്കുന്നത്. നേരിട്ടുള്ള പരിശോധനകൾക്ക് ശേഷമാണ് വെള്ളം സുഗമമായി ഒഴുകിപ്പോകാനുള്ള ഡ്രെയിനേജ് ശൃംഖല ആസൂത്രണം ചെയ്തിരിക്കുന്നത്. ഇത് ഭാവിയിലും വെള്ളക്കെട്ട് പൂർണ്ണമായി ഒഴിവാക്കാൻ സഹായിക്കും. ദേശീയപാത നിർമ്മാണ കരാറുകൾ പ്രകാരം, പ്രധാനമായും റോഡിന്റെ ഉപരിതലത്തിൽ നിന്നുള്ള മഴവെള്ളം ശേഖരിച്ച് കളയുന്നതിനാണ് ഡ്രെയിനേജ് സംവിധാനം രൂപകൽപ്പന ചെയ്തിരുന്നത്. എന്നാൽ ദ്രുതഗതിയിലുള്ള നഗരവികസനം, കൈയേറ്റങ്ങൾ, തോടുകളുടെ മാറ്റം എന്നിവ കാരണം റോഡിന്

ചുറ്റുമുള്ള പ്രദേശങ്ങളിൽ വെള്ളക്കെട്ടുണ്ടായി. ഈ പ്രശ്നം പരിഹരിക്കാനാണ് എൻ.എച്ച്.എ.ഐ ജില്ലാ ഭരണകൂടങ്ങളുമായി ചേർന്ന് ഹൈവേയ്ക്ക് വിപുലമായ പദ്ധതി തയ്യാറാക്കിയത്. ഈ പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ഫണ്ട് അതത് ജില്ലാ കളക്ടർമാരുടെ ഓഫീസുകൾ വഴിയായിരിക്കും വിനിയോഗിക്കുന്നത്. ദേശീയപാതയിലെ പ്രധാന ഓടകളെ, അടുത്തുള്ള തോടുകളുമായും മറ്റ് ജലാശയങ്ങളുമായും ബന്ധിപ്പിക്കുന്ന ലിങ്ക് ഡ്രെയിനേജുകളുടെ നിർമ്മാണ ചുമതല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ സംസ്ഥാന/ജില്ലാ ഭരണകൂടങ്ങൾ തീരുമാനിക്കുന്ന മറ്റ് വകുപ്പുകൾ വഴിയോ ആയിരിക്കും നടപ്പാക്കുക.

വിവിധ വകുപ്പുകൾ ഒന്നിച്ച് പ്രവർത്തിക്കുന്നതിനാൽ ഈ ജോലികൾ വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കും. പൊതുജനങ്ങളുടെ നന്മയും സുരക്ഷിതത്വവും മുൻനിർത്തിയാണ് എൻ.എച്ച്.എ.ഐ പദ്ധതി നടപ്പാക്കുന്നത്. ദേശീയപാത 66ലെ വെള്ളക്കെട്ട് പൂർണ്ണമായി മാറ്റുന്നതിലൂടെ സുരക്ഷിതമായ യാത്ര ഉറപ്പാക്കാനും കനത്ത മഴയിലും റോഡും പരിസരപ്രദേശങ്ങളും സംരക്ഷിക്കാനും ഇതിലൂടെ സാധിക്കുമെന്നാണ് വിലയിരുത്തൽ.

# ദ്വിദിന വേനൽക്കാല പഠനക്യാമ്പ്



**കൊച്ചി:** ശ്രീനാരായണ സേവാ വനിതാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന വേനൽക്കാല പഠനക്യാമ്പ് 'ചിരിമുറ്റം' എറണാകുളം സഹോദര സൗധത്തിൽ നടന്നു. ഫ്ളവേഴ്സ് ടോപ്പ് സിംഗർ ഫെയിം കുമാരി സുഭദ്ര ഉണ്ണികൃഷ്ണൻ പഠനക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ സേവാ വനിതാസംഘം പ്രസിഡന്റ് കെ.എൻ. ബേബി റാണി അധ്യക്ഷത വഹിച്ചു. ശ്രീനാരായണ സേവാസംഘം പ്രസിഡന്റ് അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ, സെക്രട്ടറി പി.പി. രാജൻ, വനിതാസംഘം സെക്രട്ടറി ഡോ. എസ്. ലാലിമോൾ, യുവജനസംഘം പ്രസിഡന്റ് ടി.എസ്. അംജിത്ത് എന്നിവർ പ്രസംഗിച്ചു. കെ.പി. അജേഷ്, മാതാശബരി ചേതന എന്നിവർ ക്ലാസ്സെടുത്തു. രജീഷ് പാണ്ഡവാസും സംഘവും നാടൻ പാട്ടുംപറച്ചിലും അവതരിപ്പിച്ചു.

# നാടക പഠനം കുട്ടികളുടെ സർഗ്ഗാത്മക വ്യക്തികളാക്കി മാറ്റും : പ്രൊഫ.ചന്ദ്രദാസൻ



**പാലാരിവട്ടം:** നാടക പഠനം കുട്ടികളുടെ വ്യക്തിത്വത്തെ ഗുണപരമായി സ്വാധീനിക്കുമെന്നും സർഗ്ഗാത്മക വ്യക്തികളാക്കി അവരെ മാറ്റുമെന്നും പ്രൊഫ.ചന്ദ്രദാസൻ പറഞ്ഞു. കെ.സി.ബി.സി. മീഡിയ കമ്മീഷൻ സംഘടിപ്പിച്ച പഞ്ചദിന നാടക ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പി.ഒ.സി. ഡയറക്ടർ റവ.ഫാ.തോമസ് തറയിൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.സെബാസ്റ്റ്യൻ മിൽട്ടൺ, ക്യാമ്പ് ഡയറക്ടർ ഡോ.തോമസ് പനക്കളം, ബിജു സെബാസ്റ്റ്യൻ തുടങ്ങിയവർ പ്രസംഗിച്ചു. ശിൽപ്പശാലയിൽ ഷേർളി സോമസുന്ദരം, വർഗീസ് പനക്കളം, ഡോ.തോമസ് പനക്കളം തുടങ്ങിയവർ ക്ലാസ്സ് എടുത്തു. നാടക പഠനത്തിലൂടെ വ്യക്തിത്വ വികസനം എന്ന ലക്ഷ്യത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. തുടർന്നുള്ള ദിവസങ്ങളിലായി ടി.എം എബ്രഹാം, ഗിരീഷ് സോപാനം, അമൽരാജ് ദേവ് , ഡോ.തോമസ് പനക്കളം, പൗളി വിത്സൺ, എം.എസ് ശിവകുമാർ , ഡോ.സണ്ണി സെബാസ്റ്റ്യൻ, മിനോൺ ജോൺ, സിജോ ആന്റണി , കരുൺ കെ. തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 5 വരെയാണ് ശിൽപ്പശാല.

# ദേശീയ ഡെങ്കിപ്പനി ദിനം: നഗരങ്ങളിൽ രോഗഭീഷണി ഉയരുന്നതായി മുന്നറിയിപ്പ്

**കൊച്ചി:** രാജ്യത്ത് ഡെങ്കിപ്പനി വ്യാപന ഭീഷണി ഉയരുന്ന സാഹചര്യത്തിൽ വർഷം മുഴുവൻ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകി. ഉയർന്ന താപനില, കാലാവസ്ഥാ വ്യതിയാനം, നഗരങ്ങളിലെ വെള്ളക്കെട്ട് എന്നിവ ഡെങ്കിപ്പനി വ്യാപനത്തിന് അനുകൂല സാഹചര്യമൊരുക്കുന്നുവെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

ലോകത്തിലെ ഡെങ്കിപ്പനി കേസുകളുടെ ഏകദേശം മൂന്നിലൊന്ന് ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതായും കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിൽ രോഗവ്യാപനം ഗണ്യമായി വർധിച്ചതായും കണക്കുകൾ സൂചിപ്പിക്കുന്നു. കേരളത്തിൽ കൊച്ചി ഉൾപ്പെടെയുള്ള നഗരങ്ങളിൽ രോഗഭീഷണി നിലനിൽക്കുന്നതായി കൊച്ചി അമൃത ആശുപത്രിയിലെ ശിശു രോഗ വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോക്ടർ സി ജയകുമാർ പറഞ്ഞു. കടുത്ത പനി, വയറുവേദന, തുടർച്ചയായ ഛർദ്ദി, രക്തസ്രാവം തുടങ്ങിയ ലക്ഷണങ്ങൾ അവഗണിക്കരുതെന്നും വീടുകളിലും പരിസരങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കി കൊതുക് നിയന്ത്രണം ശക്തമാക്കണമെന്നും, കൂടാതെ പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, ഹൃദ്രോഗം തുടങ്ങിയ അനുബന്ധ ആരോഗ്യപ്രശ്നങ്ങളുള്ളവർ കൂടുതൽ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. ഡെങ്കിപ്പനിക്ക് പ്രത്യേക ആന്റിവൈറൽ ചികിത്സ നിലവിലില്ലാത്തതിനാൽ പ്രതിരോധമാണ് ഏറ്റവും ഫലപ്രദമായ മാർഗമെന്ന് ഡോക്ടർമാർ വ്യക്തമാക്കി.

# നാളികേര ഉത്പാദനം വർദ്ധിപ്പിക്കണം, കൃഷിയിലേക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവരണം: ജില്ലാ കളക്ടർ ജി പ്രിയങ്ക

**കൊച്ചി:** നാളികേരത്തിന്റെ നാടായ കേരളം പലപ്പോഴും തേങ്ങയ്ക്കായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥയാണുള്ളതെന്നും, ഈ സ്ഥിതി മാറുന്നതിനായി സംസ്ഥാനത്ത് നാളികേര ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും ജില്ലാ കളക്ടർ ജി പ്രിയങ്ക പറഞ്ഞു. എറണാകുളം, ആലപ്പുഴ, ഇടുക്കി, തൃശൂർ, മലപ്പുറം തുടങ്ങിയ അഞ്ചു ജില്ലകളിലെ കൃഷി ഓഫീസർമാർക്കായി നാളികേര വികസന ബോർഡ് സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കളക്ടർ.

വരുന്ന പത്ത് വർഷത്തിനുള്ളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള സാങ്കേതിക വിദ്യകളുടെ വളർച്ച മൂലം സോഫ്റ്റ്‌വെയർ എഞ്ചിനീയർമാർ ഉൾപ്പെടെയുള്ള പ്രൊഫഷണലുകളുടെ ആവശ്യം ഇന്നത്തെപ്പോലെ ഉണ്ടായെന്ന് വരില്ല. എന്നാൽ അപ്പോഴും മനുഷ്യന് കൃഷിയും ഭക്ഷണവും അത്യന്താപേക്ഷിതമായിരിക്കും. അതുകൊണ്ടുതന്നെ മാറുന്ന കാലത്തിനനുസരിച്ച് കാർഷിക മേഖലയെ കൂടുതൽ സജീവമാക്കേണ്ടതുണ്ട്. കൂടുതൽ ആളുകളെ, പ്രത്യേകിച്ച് ചെറുപ്പക്കാരെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി കൂടുതൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിക്കുകയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും വേണം. വിപണി സാധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ വരുമാനം വർദ്ധിച്ചാൽ കൂടുതൽ യുവാക്കൾ ഈ മേഖലയിലേക്ക് കടന്നുവരുമെന്നും ജില്ലാ കളക്ടർ കൂട്ടിച്ചേർത്തു. കളക്ടറേറ്റ് പ്ലാനിങ് ഹാളിൽ നടന്ന ചടങ്ങിൽ നാളികേര വികസന ബോർഡ് ഡയറക്ടർ ടി. ബാലസുദാഹരി, ചീഫ് നാളികേര ഡെവലപ്മെന്റ് ഓഫീസർ ബി ഹനുമന്തെ ഗൗഡ, ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ സഞ്ജു സൂസൻ മാത്യു എന്നിവർ പങ്കെടുത്തു. എറണാകുളം ഉൾപ്പെടെ അഞ്ചു ജില്ലകളിൽ നിന്നുള്ള കൃഷി ഓഫീസർമാർക്കുള്ള ഏകദിന പരിശീലന പരിപാടി ജില്ലാ കളക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ വിദ്യാഭ്യാസ മന്ത്രാലയം

## രണ്ട് കോടിയിലധികം കുട്ടികൾ നിലവിൽ രാജ്യത്ത് സ്കൂൾ വിദ്യാഭ്യാസത്തിന് പുറത്ത്



**ന്യൂഡൽഹി:** രാജ്യത്ത് പഠനം പാതിവഴിയിൽ ഉപേക്ഷിച്ച 14 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ വീണ്ടും വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി വിദ്യാഭ്യാസ മന്ത്രാലയം വിപുലമായ പദ്ധതികൾ ആവിഷ്കരിക്കുന്നു. പുതിയ നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് പദ്ധതി നടത്തിപ്പ് ചർച്ച ചെയ്യാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ സ്കൂൾ വിദ്യാഭ്യാസസാക്ഷരതാ വകുപ്പ് സെക്രട്ടറി സഞ്ജയ് കുമാറിന്റെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നു. രാജ്യത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ഗുരുതരമായ ആശങ്കയുണ്ടാക്കുന്നതാണെന്ന് സഞ്ജയ് കുമാർ വ്യക്തമാക്കി. ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, രാജ്യത്ത് ഒന്നാം ക്ലാസിൽ പ്രവേശിക്കുന്ന ഓരോ 100 കുട്ടികളിൽ 62 പേർ മാത്രമാണ് പന്ത്രാം ക്ലാസ് വരെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. ഏറ്റവും പുതിയ പി.എൽ.എഫ്.എസ് കണക്കുകൾ പ്രകാരം, 14 നും 18 നും ഇടയിൽ പ്രായമുള്ള രണ്ട് കോടിയിലധികം കുട്ടികൾ നിലവിൽ രാജ്യത്ത് സ്കൂൾ വിദ്യാഭ്യാസത്തിന് പുറത്താണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. സാമ്പത്തിക ബുദ്ധിമുട്ടുകൾ, ഗാർഹിക ഉത്തരവാദിത്തങ്ങൾ, ഉപജീവനവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ എന്നിവയാണ് കുട്ടികൾ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്നതിന് കാരണമാകുന്ന പ്രധാന ഘടകങ്ങളെന്ന് അദ്ദേഹം നിരീക്ഷിച്ചു. അടിയന്തര ഇടപെടലിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ സഞ്ജയ് കുമാർ, പ്രാദേശിക സാമ്പത്തിക അവസരങ്ങളുമായി പൊരുത്തപ്പെടുന്ന തൊഴിൽപരമായ കഴിവുകൾക്കൊപ്പം, ഓരോ കുട്ടിക്കും കുറഞ്ഞത് സെക്കൻഡറി, സീനിയർ സെക്കൻഡറി തലങ്ങൾ വരെ വിദ്യാഭ്യാസം ലഭിക്കണമെന്നും അദ്ദേഹം പറഞ്ഞു. കുട്ടികളെ വീണ്ടും മുഖ്യധാരാ സ്കൂൾ വിദ്യാഭ്യാസത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനായിരിക്കണം പ്രഥമ പരിഗണന നൽകേണ്ടതെന്ന് സെക്രട്ടറി പറഞ്ഞു. എന്നാൽ, വിവിധ കാരണങ്ങളാൽ സാധാരണ സ്കൂളുകളിലേക്ക് മടങ്ങാൻ സാധിക്കാത്ത കുട്ടികൾക്കായി നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്, സംസ്ഥാന ഓപ്പൺ സ്കൂളുകൾ എന്നിവ വഴി ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് പോലുള്ള ലളിതമായ പഠന മാർഗ്ഗങ്ങൾ ഒരുക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. പദ്ധതി താഴെത്തട്ടിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിലും ഇതൊരു രാജ്യവ്യാപക പ്രചാരണമാക്കി മാറ്റുന്നതിലും ജില്ലാ കളക്ടർമാർ, ജില്ലാ ഭരണകൂടങ്ങൾ എന്നിവയ്ക്ക് നിർണ്ണായക പങ്കുണ്ടെന്ന് സഞ്ജയ് കുമാർ ചൂണ്ടിക്കാട്ടി. സ്കൂളിന് പുറത്തുള്ള കുട്ടികളുടെ പ്രശ്നം പരിഹരിക്കുന്നതിനായി 'ദൗത്യ മാതൃക' അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതെന്ന് സ്കൂൾ വിദ്യാഭ്യാസസാക്ഷരതാ വകുപ്പ് ജോയിന്റ് സെക്രട്ടറി പ്രാചി പാണ്ഡെ വ്യക്തമാക്കി. വിവരശേഖരണത്തിന് മുൻഗണന നൽകുന്ന ഒരു വിവരാധിഷ്ഠിത സമീപനമായിരിക്കും ഈ പദ്ധതിക്കായി സ്വീകരിക്കുകയെന്നും സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള അവസാനത്തെ ഗുണഭോക്താവായ കുട്ടിക്കുവരെ സഹായം എത്തിക്കുകയെന്ന ലക്ഷ്യത്തോടെയായിരിക്കും ഈ ദൗത്യം നടപ്പിലാക്കുകയെന്നും അവർ കൂട്ടിച്ചേർത്തു. ആദ്യ ഘട്ടത്തിൽ ഈ സംരംഭത്തിന്റെ പ്രാരംഭ നടത്തിപ്പിനായി 10 ജില്ലകളെ പൈലറ്റ് ജില്ലകളായി തിരഞ്ഞെടുത്തു. ഒഡീഷ, മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, ബീഹാർ, ഉത്തർപ്രദേശ്, ഗുജറാത്ത്, കർണാടക, മധ്യപ്രദേശ്, ഡൽഹി എന്നിവിടങ്ങളിലെ ജില്ലകളാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിനായി പങ്കാളികളാകുന്ന സംസ്ഥാനങ്ങളുമായി പ്രതിജ്ഞാബദ്ധതാ കരാറുകളിൽ ഒപ്പുവെക്കും. പൈലറ്റ് ജില്ലകളിൽ നിന്നുള്ള അനുഭവങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ, തുടർന്ന് ഈ പദ്ധതി രാജ്യം മുഴുവൻ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

## മാധ്യമസ്വാതന്ത്ര്യം മതനിന്ദയ്ക്കുള്ള മാർഗമാക്കരുത് : കെ.സി.വൈ.എം സംസ്ഥാന സമിതി

**കൊച്ചി**: കേരള നിയമസഭ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് മുന്നണിക്കുള്ളിൽ ഉടലെടുത്ത തർക്കങ്ങളെ ആക്ഷേപിച്ച് പ്രമുഖ പത്രത്തിന്റെ കേരള എഡിഷനിൽ, ക്രിസ്തുവിന്റെ അന്ത്യഅത്താഴ ചിത്രത്തെ വികലമാക്കി ചിത്രീകരിച്ച സംഭവത്തിൽ കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം (കെ.സി.വൈ.എം) ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

ക്രൈസ്തവർ പാവനമായി കണക്കാക്കുന്ന ചിത്രത്തെ രാഷ്ട്രീയ കാർട്ടൂൺ ആയി ചിത്രീകരിച്ച പത്രത്തിന്റെ നിലപാട് ആവിഷ്കാര സ്വാതന്ത്ര്യം കൊണ്ട് ന്യായീകരിക്കാനാവുന്നതല്ല. വിശ്വാസത്തെ വ്രണപ്പെടുത്തുന്ന ഇത്തരം പ്രവർത്തികൾ അപലപനീയമാണ്. മത സൗഹാർദ്ധവും ഐക്യവും തകർക്കുന്ന ഇത്തരത്തിലുള്ള പ്രവർത്തികൾ മാധ്യമധർമ്മത്തിന് ഉതകുന്നതല്ലെന്നും അവയെ സഹിഷ്ണുതയോടെ സമീപിക്കാനാവില്ല എന്നും കെ.സി.വൈ.എം സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ പത്രം മാപ്പ് പറയണമെന്ന് കെ.സി.വൈ.എം സംസ്ഥാന സമിതി ആവശ്യപ്പെട്ടു. അറിയിപ്പുകളും പ്രതിഷേധങ്ങളും ഏറെ നേരിട്ടിട്ടും വീണ്ടും വിശുദ്ധമായ തിരുവത്താഴ ചിത്രത്തോട് പത്രം കാണിക്കുന്ന ജനാധിപത്യ വിരുദ്ധ നിലപാട് ഏറെ ലജ്ജാകരമാണ്. ഈ വാർത്ത പിൻവലിച്ച് ക്ഷമാപണം നടത്താത്ത പക്ഷം ക്രൈസ്തവ യുവത്വം ശക്തമായി പ്രതിഷേധിക്കുമെന്ന് സമിതി തീരുമാനിച്ചു. കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി, ജനറൽ സെക്രട്ടറി കാസി പൂപ്പന, ആഗി മരിയ ജോസഫ്, സാം സണ്ണി, ജോയൽ ജോൺ റോയ്, ധന്യ മോഹൻരാജ്, സെഞ്ചു ജേക്കബ്, പ്രിൻസി പീറ്റർ, ജെൻസൺ ആൽബി, ഡയറക്ടർ ഫാ. ഡിറ്റോ കൂള, അസി. ഡയറക്ടർ സി. നോർബർട്ട സി. ടി. സി തുടങ്ങിയവർ സംസാരിച്ചു.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന ലാബ് ടെക്നിഷ്യൻ തസ്തികയിലേക്ക് താൽകാലിക നിയമനം നടത്തുന്നു. പ്ലസ് ടു സയൻസും, ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി അല്ലെങ്കിൽ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി ഒപ്പം കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനുമാണ് യോഗ്യത. താല്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ അസ്സൽ, പകർപ്പ്, ബയോഡാറ്റ എന്നിവയുമായി മെയ് 28-ന് ഉച്ചയ്ക്ക് 2 മണിക്ക് ആശുപത്രി സൂപ്രിന്റെ ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം.ഫോൺ: 0484 2386000.

## ഇ.എം.സിയിൽ ആധുനിക അത്യാഹിത വിഭാഗം പ്രവർത്തനം തുടങ്ങി

**കൊച്ചി:** എറണാകുളം മെഡിക്കൽ സെന്ററിൽ ആധുനിക രീതിയിൽ നവീകരിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ട്രോമാ കെയർ യൂണിറ്റും പ്രവർത്തനം ആരംഭിച്ചു.

മാനേജിംഗ് ഡയറക്ടർ ഡോ. ടി. വി രവിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ ഉദ്ഘാടനം നിർവ്വഹിച്ചു.

ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സി.ജി രഘു, മെഡിക്കൽ ഡയറക്ടർ ഡോ. അനു അശോകൻ, ഡയറക്ടർമാരായ ഡോ. ടി. വി ഗീത, വിജയ രവി, ദീപ് രഞ്ജിത്ത്, ചാന്ദ്നി രവി എന്നിവരും ഡോ.എം. നാരായണൻ, ഡോ. എം. വേണുഗോപാൽ, ഡോ. കൃഷ്ണാനന്ദ്, കെ.എ അസീസ് തുടങ്ങിയവരും പങ്കെടുത്തു.



*എറണാകുളം മെഡിക്കൽ സെന്ററിൽ ആധുനിക രീതിയിൽ നവീകരിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ട്രോമാ കെയർ യൂണിറ്റും ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ ഉദ്ഘാടനം ചെയ്യുന്നു. ഡോ. സി.ജി രഘു, ഡോ. ടി.വി രവി, ചാന്ദ്നി രവി, ഡോ. അനു അശോകൻ, ഡോ.എം. നാരായണൻ തുടങ്ങിയവർ മുൻ നിരയിൽ.*

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹൃദയാരോഗ്യ സംരക്ഷണത്തിന് ഭക്ഷണക്രമത്തിൽ മാറ്റം വേണം: വിദഗ്ധർ

**കൊച്ചി:** ഹൃദയാരോഗ്യം സംരക്ഷിക്കാൻ ഭക്ഷണക്രമത്തിൽ ചെറിയ മാറ്റങ്ങൾ പോലും വലിയ ഗുണം ചെയ്യുമെന്ന് വിദഗ്ധർ. വ്യായാമക്കുറവും സംസ്കരിച്ച ഭക്ഷണങ്ങളുടെ അമിത ഉപയോഗവും ഹൃദ്രോഗ സാധ്യത വർധിപ്പിക്കുന്ന ഇന്നത്തെ ജീവിതശൈലിയിൽ, പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തുന്നത് ഏറെ പ്രധാനമാണ്. കാലിഫോർണിയ ബദാം, ഒമേഗ 3 സമൃദ്ധമായ മത്സ്യങ്ങൾ, ഇലക്കറികൾ, പയറുവർഗങ്ങൾ, ഫ്രഷ് പഴങ്ങൾ എന്നിവ ഹൃദയാരോഗ്യത്തിന് മികച്ച പിന്തുണ നൽകുന്ന സൂപ്പർ ഫുഡുകളാണ്. ഇവ കൊളസ്ട്രോൾ നിയന്ത്രിക്കാനും രക്തസമ്മർദം കുറയ്ക്കാനും രക്തചംക്രമണം മെച്ചപ്പെടുത്താനും സഹായിക്കുമെന്ന് മാക്സ് ഹെൽത്ത് കെയറിലെ ഡയറ്ററ്റിക്സ് റീജിയണൽ ഹെഡ് റിതിക സമദ്ദാർ പറഞ്ഞു. ബദാമിലെ വിറ്റാമിൻ ഇയും ആരോഗ്യകരമായ കൊഴുപ്പുകളും ഹൃദയത്തിന് ഗുണം ചെയ്യുമ്പോൾ, സാൽമൺ, മത്തി, അയല പോലുള്ള മത്സ്യങ്ങളിലെ ഒമേഗ 3 ഫാറ്റി ആസിഡുകൾ ഹൃദയമിടിപ്പ് ക്രമീകരിക്കാനും വീക്കം കുറയ്ക്കാനും സഹായിക്കും. ചീര, ബ്രോക്കോളി പോലുള്ള ഇലക്കറികളും പരിപ്പ്, കടല പോലുള്ള പയറുവർഗങ്ങളും ഹൃദയ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കും. പഴങ്ങളിലെ ആന്റിഓക്സിഡന്റുകൾ രക്തക്കുഴലുകളെ സംരക്ഷിച്ച് ഹൃദ്രോഗ സാധ്യത കുറയ്ക്കാൻ സഹായിക്കുമെന്നും അവർ പറഞ്ഞു.

# ആഗോള സാമൂഹ്യ സമ്പർക്ക മാധ്യമ ദിനാചരണം

**പാലാരിവട്ടം:** കെ.സി.ബി.സി. മീഡിയ കമ്മീഷൻ സംഘടിപ്പിക്കുന്ന അറുപതാമത് അഗോള സാമൂഹ്യ സമ്പർക്ക മാധ്യമ ദിനാചരണവും ചവിട്ടു നാടക ഫെസ്റ്റ് സമാപനവും പാലാരിവട്ടം പി.ഒ.സി യിൽ ടി.ജെ. വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഡോ.ജേക്കബ് പ്രസാദ് അധ്യക്ഷത വഹിച്ചു. ലിയോ പാപ്പായുടെ മാധ്യമ ദിന സന്ദേശമായ മനുഷ്യമുഖവും ശബ്ദവും സംരക്ഷിക്കുക എന്ന വിഷയത്തെ ആസ്പദമാക്കി മലയാള മനോരമ സ്പെഷ്യൽ കറസ്പോന്റ് ജിജോ ജോൺ പുത്തേഴത്ത് മുഖ്യപ്രഭാഷണം നടത്തി.

മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.സെബാസ്റ്റ്യൻ മിൽട്ടൺ, എക്സിക്യൂട്ടീവ് അംഗം എഡിസൺ ജി വർഗീസ് .എന്നിവർ പ്രസംഗിച്ചു. തുടർന്ന് കൊച്ചിൻ ചവിട്ടുനാടക കളരിയുടെ ബൈബിൾ ചവിട്ട് നാടകം പൊന്തിയോസ് പീലാത്തോസ് അവതരിപ്പിച്ചു.

മൂന്നുദിവസമായി നടന്നുവന്ന ചവിട്ടുനാടക ഫെസ്റ്റിന് ഇതോടെ സമാപനമായി.

# ഡൈജി പ്ലസ്, ബ്രഹ്മി പ്ലസ് ഗമ്മികൾ പുറത്തിറക്കി കോട്ടയ്ക്കൽ ആര്യവൈദ്യശാല

**കൊച്ചി:** പരമ്പരാഗത ഔഷധക്കൂട്ടുകളെ ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിപ്പിച്ചുകൊണ്ടുള്ള പുത്തൻ 'ആയുർവേദിക് ഗമ്മികൾ' കോട്ടയ്ക്കൽ ആര്യവൈദ്യശാല പുറത്തിറക്കി. ഗുളികകളോ ക്യാപ്സ്യൂളുകളോ വിഴുങ്ങാൻ പ്രയാസമുള്ളവർക്കും, എളുപ്പത്തിൽ ചവച്ചു കഴിക്കാവുന്ന ഔഷധങ്ങൾ ഇഷ്ടപ്പെടുന്നവർക്കും ഈ ഗമ്മികൾ ഏറെ പ്രയോജനകരമാണെന്ന് മാനേജിംഗ് ട്രസ്റ്റിയും ചീഫ് ഫിസിഷ്യനുമായ ഡോ. പി. എം വാര്യർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മികച്ച ആരോഗ്യഗുണങ്ങളുള്ള ഔഷധസസ്യങ്ങൾ ഉപയോഗിച്ചാണ് ഇവ തയ്യാറാക്കിയിരിക്കുന്നത്. കഴിക്കാൻ എളുപ്പവും രുചികരവുമായ ഗമ്മി രൂപത്തിലുള്ള ഇവ കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കും ഒരുപോലെ അനുയോജ്യമാണ്. ഡൈജി പ്ലസ് ദഹനസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കാനും ദഹനേന്ദ്രിയവ്യവസ്ഥയുടെ ആരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കുന്നു. ബ്രഹ്മി പ്ലസ് ബുദ്ധിശക്തി, ഓർമ്മശക്തി, സംസാരശേഷി എന്നിവ വർദ്ധിപ്പിക്കാൻ ഇത് സഹായിക്കുന്നുവെന്നും ഇവർ വ്യക്തമാക്കി. ആർ ആന്റ് ഡി ചീഫ് എ. അരുൺ, ചീഫ് മാർക്കറ്റിംഗ് മാനേജർ പി.വി വേണുഗോപാലൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# രാജഗിരി എൻജിനീയറിംഗ് കോളേജ് ബിരുദദാനച്ചടങ്ങ് നടന്നു



**കൊച്ചി:** കാക്കനാട് രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയുടെ ഓട്ടോണമസ് (ആർഎസ്ഇടി) ബിരുദദാന ചടങ്ങ് സമാവർത്തനം 2026 ആർഎസ്ഇടി ഓഡിറ്റോറിയത്തിൽ നടന്നു. എം.ടെക്കിന്റെ 16ാമത് ബാച്ചിലെയും , ബി.ടെക്. 22ാം ബാച്ചിലെയും വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. ക്രൈസ്റ്റ് ഡീംഡ് ടു ബി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. ജോസ് സി. സി. സി.എം.ഐ ബിരുദദാന പ്രസംഗം നടത്തി.

രാജഗിരിയിലെ 42 വിദ്യാർത്ഥികൾ എം.ടെക് പഠനം പൂർത്തിയാക്കി, 2 ഗവേഷണ വിദ്യാർത്ഥികൾ ഡോക്ടറൽ ബിരുദവും നേടി. ബി.ടെക് ബിരുദം നേടിയ 759 വിദ്യാർത്ഥികളിൽ 140 വിദ്യാർത്ഥികൾ ഓണേഴ്സ് ബിരുദവും 196 പേർ മൈനർ ബിരുദവും കരസ്ഥമാക്കിയതായി പ്രിൻസിപ്പൽ അറിയിച്ചു. കൊച്ചി സേക്രഡ് ഹാർട്ട് പ്രൊവിൻസ് പ്രൊവിൻഷ്യലും ആർഎസ്ഇടി മാനേജരുമായ ഫാ. പൗലോസ് കിടങ്ങൻ സി.എം.ഐ. അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ. പഠനം പൂർത്തിയാക്കി ഇറങ്ങുന്ന വിദ്യാർത്ഥികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ഡയറക്ടർ ഡോ. പ്രശാന്ത് പാലക്കപ്പിള്ളിൽ സി.എം.ഐ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഡോ. ജോയൽ ജോർജ് പുള്ളോലിൽ സി.എം.ഐ പ്രസംഗിച്ചു.

# ഹിമാലയ ബേബികെയർ വീഡിയോ പുറത്തിറക്കി

**കൊച്ചി:** 'മമ്മ വാലി ഫീലിംഗ്' എന്ന ആശയത്തെ ആസ്പദമാക്കി ഹിമാലയ ബേബികെയർ മദേഴ്സ് ഡേ ഡിജിറ്റൽ വീഡിയോ പുറത്തിറക്കി. ഒരു കുഞ്ഞിന്റെ വളർച്ചയിലെ വിവിധ ഘട്ടങ്ങളിലെ ഓരോ ആദ്യാനുഭവങ്ങളും അമ്മയുടെ മനസ്സിൽ സൃഷ്ടിക്കുന്ന വൈകാരിക ബന്ധമാണ് വീഡിയോയിൽ അവതരിപ്പിക്കുന്നത്. 'ചാന്ദ ഹേ തു' എന്ന പ്രശസ്ത താരാട്ടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഒരുക്കിയിരിക്കുന്ന ചിത്രത്തിൽ മകളെ ആദ്യമായി സ്കൂളിലേക്ക് അയക്കുന്ന അമ്മയുടെ ഓർമ്മകളിലൂടെ മാതൃത്വത്തിന്റെ സ്നേഹവും കരുതലും മനോഹരമായി വരച്ചുകാട്ടുന്നു. മാതൃത്വം അനവധി 'ആദ്യ' അനുഭവങ്ങളുടെ സമാഹാരമാണെന്നും അവയാണ് അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ദൃഢമാക്കുന്നതെന്നും ഹിമാലയ വെൽനസ് കമ്പനിയുടെ ബേബികെയർ ഡയറക്ടർ ചക്രവർത്തി എൻ. വി പറഞ്ഞു. സംഗീതവും ഓർമ്മകളും വൈകാരിക കഥപറച്ചിലും സമന്വയിപ്പിച്ച് ആധുനിക മാതാപിതാക്കളുമായി കൂടുതൽ അടുപ്പം സൃഷ്ടിക്കുകയാണ് ക്യാമ്പയിന്റെ ലക്ഷ്യമെന്ന് പേ ാക്കറ്റ് ആസസിലെ ഡി2സി തലവൻ വിശ്വനാഥ് ഷെട്ടിയും വ്യക്തമാക്കി. വിവിധ പ്രാദേശിക ഭാഷകളിലൂടെയും സോഷ്യൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയും വീഡിയോ പ്രേക്ഷകരിലെത്തിക്കാനും കമ്പനിക്ക് പദ്ധതിയുണ്ട്.

# ഗിഫ്റ്റ് സിറ്റിയിലെ എൻആർഐകൾക്ക് യുഎസ്ഡി ഡെബിറ്റ് കാർഡ് പുറത്തിറക്കി

**കൊച്ചി:** ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലുള്ള ഐഎഫ്എസ്സി ബാങ്കിംഗ് യൂണിറ്റിൽ നിന്ന് എൻആർഐ ഉപഭോക്താക്കൾക്കായി ഇന്ത്യയിലെ ആദ്യത്തെ യുഎസ് ഡോളർ അധിഷ്ഠിത ഡെബിറ്റ് കാർഡ് പുറത്തിറക്കി. ഐസിഐസിഐ ബാങ്കും വിസയും ചേർന്നാണ് പുതിയ കാർഡ് ഇറക്കിയത്. ബാങ്കിന്റെ യുഎസ്ഡി ഗ്ലോബൽ സേവിംഗ്സ് അക്കൗണ്ടുമായി ബന്ധിപ്പിച്ചാണ് ഈ കാർഡ് പ്രവർത്തിക്കുന്നത്. വിസയുടെ പ്രീമിയം ഇൻഫിനിറ്റ് പ്ലാറ്റ്ഫോമിൽ നിർമ്മിച്ച ഈ കാർഡ് ആഗോളതലത്തിൽ എൻആർഐകൾക്ക് തടസ്സമില്ലാത്ത സാമ്പത്തിക ഇടപാടുകൾ ഉറപ്പാക്കുമെന്ന് ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി. ലോകമെമ്പാടുമുള്ള എടിഎമ്മുകളിലും ഇ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഈ കാർഡ് ഉപയോഗിക്കാം. ഐസിഐസിഐ ബാങ്ക് നെറ്റ് ബാങ്കിംഗ് വഴി കാർഡ് എളുപ്പത്തിൽ നിയന്ത്രിക്കാം. ഐസിഐസിഐ ബാങ്കിൽ യുഎസ്ഡി ഗ്ലോബൽ സേവിംഗ്സ് അക്കൗണ്ട് ഉള്ളവർക്കും പുതുതായി അക്കൗണ്ട് തുടങ്ങുന്നവർക്കും ഈ ഡെബിറ്റ് കാർഡ് ലഭ്യമാകും. ഗിഫ്റ്റ് സിറ്റി ഐബിയു വഴി വിവിധ കറൻസികളിലുള്ള സേവിംഗ്സ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, ലോണുകൾ എന്നിവയും ബാങ്ക് വാഗ്ദാനം ചെയ്യുന്നുണ്ട്.

# വാക്ക്–ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിന്റെ കീഴിലുള്ള വിമുക്തി ഡി-അഡിക്ഷൻ സെന്റർ, ജില്ലാ മാനസികാരോഗ്യ പരിപാടി എന്നിവിടങ്ങളിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് തസ്തികകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി മെയ് 26ന് രാവിലെ 11ന് ജില്ലാ മെഡിക്കൽ ഓഫീസിൽ വാക്ക്-ഇൻ ഇന്റർവ്യൂ നടത്തുന്നു.

മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് എം.ബി.ബി.എസ് (സൈക്യാട്രിയിൽ പി.ജി മുൻഗണന), ടി.സി.എം.സി രജിസ്ട്രേഷൻ എന്നിവയും, സ്റ്റാഫ് നഴ്സ് തസ്തികയിലേക്ക് ജി.എൻ.എം/ബി.എസ്.സി നഴ്സിംഗ്, കെ.എൻ.എം.സി രജിസ്ട്രേഷൻ എന്നിവയുമാണ് യോഗ്യത. രണ്ട് തസ്തികകളിലേക്കും 18 മുതൽ 43 വരെയാണ് പ്രായപരിധി. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നിശ്ചിത സമയത്ത് ഹാജരാകേണ്ടതാണ്; കൂടുതൽ വിവരങ്ങൾക്ക് 0484–2360802 എന്ന നമ്പറിലോ dmohekmoffice@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

# സ്റ്റോവ് ക്രാഫ്റ്റിന് മികച്ച വളർച്ച

**കൊച്ചി:** രാജ്യത്തെ പ്രമുഖ കിച്ചൺ അപ്ലയൻസ് കമ്പനികളിലൊന്നായ സ്റ്റോവ്ക്രാഫ്റ്റ് ലിമിറ്റഡ് 2026 സാമ്പത്തിക വർഷത്തിൽ ശക്തമായ വരുമാന വളർച്ചയും ലാഭ വർധനയും രേഖപ്പെടുത്തി. ഊർജക്ഷമമായ പാചക ഉപകരണങ്ങളിലേക്കുള്ള ഉപഭോക്തൃ താൽപര്യം ഉയർന്നതോടെ കമ്പനിയുടെ ഇൻഡക്ഷൻ കുക്ക്ടോപ്പ് വിഭാഗം 89.4 ശതമാനം വളർച്ച കൈവരിച്ചതായി സ്റ്റോവ്ക്രാഫ്റ്റ് മാനേജിംഗ് ഡയറക്ടർ രാജേന്ദ്ര ഗാന്ധി പറഞ്ഞു.

2026 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ മൊത്തം വരുമാനം 1607.42 കോടിയായി ഉയർന്നു. ഇബിഐടിഡിഎ 166.13 കോടിയായി വർധിച്ചപ്പോൾ, പിഎടിയിലും മികച്ച വളർച്ച രേഖപ്പെടുത്തി. ഊർജക്ഷമവും ആധുനികവുമായ പാചക പരിഹാരങ്ങളിലേക്കുള്ള ഉപഭോക്തൃ മാറ്റം തുടരുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നതായും അതനുസരിച്ച് ഇൻഡക്ഷൻ, സ്മാർട്ട് അപ്ലയൻസ് വിഭാഗങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്നും രാജേന്ദ്ര ഗാന്ധി പറഞ്ഞു.

# പുതിയ കോഡിയാക് അവതരിപ്പിച്ച് സ്കോഡ ഓട്ടോ ഇന്ത്യ




**കൊച്ചി:** 150 കിലോവാട്ട് കരുത്തും 320 എൻഎം ടോർക്കും നൽകുന്ന 2.0 ടിഎസ്എൽ എഞ്ചിനും സെവൻസ്പീഡ് ഡിഎസ്ജി ട്രാൻസ്മിഷനുമൊപ്പം നൂതന ഡ്രൈവർ അസിസ്റ്റൻസ് സിസ്റ്റങ്ങളുമായി സ്കോഡ ഓട്ടോ ഇന്ത്യ കോഡിയാകിന്റെ നവീകരിച്ച പതിപ്പ് വിപണിയിലിറക്കി. ആഡംബരം ആഗ്രഹിക്കുന്ന എല്ലാ വിഭാഗങ്ങളിൽപ്പെട്ടവർക്കമുള്ള വകഭേദങ്ങൾ ലഭ്യമാക്കുകയെന്നതാണ് 2026ലെ പതിപ്പിന്റെ ലക്ഷ്യമെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആഷിഷ് ഗുപ്ത പറഞ്ഞു. ഇതു കണക്കിലെടുത്ത് വില, ഉയർന്ന സ്പോർട്ടിനസ്, പ്രീമിയം ആഡംബരങ്ങൾ എന്നീ വ്യത്യസ്ത ഉപഭോക്തൃ ആവശ്യങ്ങൾ പരിഗണിച്ചാണ് ലൗഞ്ച്, സ്പോർട്ലൈൻ, സെലക്ഷൻ എൽ ആൻഡ് കെ എന്നീ മൂന്ന് വകഭേദങ്ങൾ ഒരുക്കിയിരിക്കുന്നത്. ലൗഞ്ചിന് 36.99 ലക്ഷം രൂപ, സ്പോർട്ക്ലൈനിന് 44.99 ലക്ഷം രൂപ, സെലക്ഷൻ എൽ ആൻഡ് കെയ്ക്ക് 46.99 ലക്ഷം രൂപ എന്നിങ്ങനെയാണ് വിലനിലവാരം.

## ഭാരത്ക്ലൗഡ് ഡിസി വൺ ഫെസിലിറ്റിയിൽ ക്ലൗഡ് സെന്റർ ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ എഐറെഡി ക്ലൗഡ് സേവന ദാതാവായ ഭാരത്ക്ലൗഡ്, ഇന്ത്യയുടെ സോവറിൻ, എഐറെഡി ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിലെ ഒരു പ്രധാന ചുവടുവയ്പ്പായി കൺട്രോൾ എസ് ഡാറ്റാസെന്റേഴ്സിന്റെ ഹൈദരാബാദ് ഡിസി വൺ ഫെസിലിറ്റിയിൽ തങ്ങളുടെ ആദ്യത്തെ ക്ലൗഡ് സെന്റർ ആരംഭിച്ചു. കൺട്രോൾ എസ് ഡാറ്റാസെന്റേഴ്സിന്റെ സ്ഥാപകനും സിഇഒയുമായ ശ്രീധർ പിന്നപുരെഡ്ഡി ക്ലൗഡ് സെന്റർ ഉദ്ഘാടനം ചെയ്തു.

ഇന്ത്യയുടെ എഐ, ഡിജിറ്റൽ വളർച്ചയിൽ പ്രതിരോധശേഷിയുള്ളതും സുരക്ഷിതവുമായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണെന്ന് ശ്രീധർ പിന്നാപുരെഡ്ഡി പറഞ്ഞു. കൺട്രോൾഎസിന്റെ ലോകോത്തര ഡിജിറ്റൽ അടിസ്ഥാന സൗകര്യ മികവുകളും ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ എഐറെഡി സോവറിൻ ക്ലൗഡ് ഇക്കോസിസ്റ്റം നിർമ്മിക്കാനുള്ള കമ്പനിയുടെ യാത്രയിൽ അവരെ മികച്ച പങ്കാളികളാക്കുന്നതായി ഭാരത്ക്ലൗഡ് സഹസ്ഥാപകരായ രാഹുൽ തക്കല്ലപ്പള്ളിയും പത്മ റെഡ്ഡി സാമയും പറഞ്ഞു. ഇന്ത്യയിലുടനീളം എഐറെഡി സോവറിൻ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മിക്കുന്നതിനുള്ള ഭാരത്ക്ലൗഡിന്റെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 100 മില്യൺ ഡോളർ (ഏകദേശം 950 കോടി രൂപ) നിക്ഷേപ പദ്ധതിയുടെ ഭാഗമാണ് ഈ സംരംഭമെന്ന് കമ്പനി അറിയിച്ചു, മുംബൈ, ഹൈദരാബാദ്, ബെംഗളൂരു, ചെന്നൈ, ഡൽഹി എൻസിആർ, കൊൽക്കത്ത, പൂനെ എന്നിവയുൾപ്പെടെയുള്ള പ്രധാന മെട്രോ നഗരങ്ങളെ വ്യാപിപ്പിച്ച് ഇതിനായി റോഡ്മാപ്പ് തയ്യാറാക്കിയിട്ടുണ്ട്.

# അഞ്ഞൂറ് കോടി വിറ്റുവരവ് ലക്ഷ്യമിട്ട് ഷെഫ്സ് ആർട്ട്

**കൊച്ചി:** ഹോട്ടൽ, റസ്റ്റോറന്റ്, കാറ്ററിംഗ് മേഖലയിലെ മികച്ച ബ്രാൻഡായ ഷെഫ്സ് ആർട്ട് ഇന്ത്യയിൽ രണ്ട് വർഷത്തിനുള്ളിൽ 500 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിടുന്നു. ഫുഡ് സർവീസ് ഇന്ത്യപ്രൈവറ്റ് ലിമിറ്റഡിന് കീഴിൽ രാജ്യത്ത് പത്ത് വർഷം പൂർത്തിയാക്കുന്ന വേളയിൽ നിരവധി വിപുലീകരണ പദ്ധതികൾ നടപ്പിലാക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിംഗ് ബിസിനസുകൾ എന്നിവയിലുടനീളമുള്ള വർദ്ധിച്ചുവരുന്ന ആവശ്യകത, നാനൂറിലധികം വിതരണ ശൃംഖലയോടെ 454 നഗരങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സംരംഭം നാൽപതിനായിരത്തിലധികം ഉപഭോക്താക്കൾക്ക് വിശ്വസനീയമായ ബ്രാൻഡായി മാറിക്കഴിഞ്ഞുവെന്ന് ഫുഡ് സർവീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ അജയ് മാരിവാല അഭിപ്രായപ്പെട്ടു. വറുത്ത ഭക്ഷണ സാധനങ്ങൾ, ബർഗർ, പിസ്സ, ഇന്ത്യൻ അപ്പെറ്റൈസറുകൾ എന്നിവയ്ക്കുള്ള മസാലകൾ, ഏറ്റവും ജനപ്രിയമായ പിരി പിരി സ്പ്രിംഗൽ ഉൾപ്പെടെ ഇന്ത്യൻ, ഇറ്റാലിയൻ, അമേരിക്കൻ, മെഡിറ്ററേനിയൻ എന്നിവ ഉൾക്കൊള്ളുന്ന വിവിധ പാചകരീതികളാണ് ഷെഫ്സ് ആർട്ട് വാഗ്ദാനം ചെയ്യുന്നത്.

വിപുലീകരണത്തിന്റെ ഭാഗമായി ഉൽപാദനശേഷി വർധിപ്പിക്കാനും ബ്രാൻഡ് നവീകരണത്തിനുമായി പുതിയ പ്ലാന്റിലേക്ക് പ്രവർത്തനം മാറ്റിയിട്ടുമുണ്ട്. മേഖലയിൽ ഷെഫ്സ് ആർട്ടിനുള്ള പാരമ്പര്യവും ഉപഭോക്താക്കളുടെ ആഴത്തിലുള്ള വിശ്വാസവും കമ്പനിയെ കൂടുതൽ ആളുകളിലേക്ക് എത്തിക്കുവാൻ തങ്ങളെ പ്രാപ്തരാക്കുന്നുവെന്ന്അജയ് മാരിവാല അഭിപ്രായപ്പെട്ടു. നിർമ്മാണം, നവീകരണം, വിതരണം എന്നിവയിലെ നിക്ഷേപങ്ങളിലൂടെ ഷെഫ്സ് ആർട്ടിനെ മാർക്കറ്റ് ലീഡറായി ഉയർത്താനുള്ള മികച്ച അവസരമായി ഇതിനെ കാണുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഹോട്ടൽടെക് കേരള ത്രിദിന പ്രദർശനം സമാപിച്ചു

**കൊച്ചി:** മൂന്നു ദിവസമായി കൊച്ചിയിലെ ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന ഹോട്ടൽടെക് കേരള പ്രദർശനത്തിന്റെ 16ാം പതിപ്പ് സമാപിച്ചു. ഭക്ഷ്യോൽപ്പന്നങ്ങൾ, ചേരുവകൾ, ഹോട്ടൽ ഉപകരണങ്ങൾ, ലിനൻ ആൻഡ് ഫർണിഷിംഗ്, ഹോട്ടൽവെയർ, ടേബ്ൾവെയർ, വാണിജ്യ അടുക്കള ഉപകരണങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 35ൽപ്പരം സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 4000ഓളം ബിസിനസ് സന്ദർശകർ പ്രദർശനം കാണാനെത്തിയെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. മേളയുടെ ഭാഗമായി നടന്ന ഏഴാമത് ഹൗസ് കീപ്പേഴ്സ് ചലഞ്ച് മത്സരങ്ങളിൽ ഏറ്റവുമധികം വിജയങ്ങളോടെ മികച്ച ഹൗസ്കീപ്പിംഗ് സ്ഥാപനത്തിനുള്ള അവാർഡ് ക്രൗൺ പ്ലാസ കൊച്ചി കരസ്ഥമാക്കി. വിവിധ മത്സരങ്ങളിലെ വിജയികൾ: ഫൽണ്ടർ ഡിസ്പ്ലേ സ്വർണം ക്രൗൺ പ്ലാസയിലെ വിശാൽ കെ എം ഗോകുലം പാർക്കിലെ അജയ് എന്നിവർ, വെള്ളി അബാദ് പ്ലാസയിലെ ഹിമ. ഹണിമൂൺ ബെഡ് സ്വർണം സക്രൗൺ പ്ലാസയിലെ വിശാൽ കെ എം, വെള്ളി അവന്യൂ റീജന്റിലെ ഷാൽബിൻ, വെങ്കലം ഗോകുലം പാർക്കിലെ ജിബിൻ. മോപ്പ് റേസിൽ ഗോകുലം പാർക്കിലെ സുഭാഷിഷും ഗോകുലും സ്വർണവും ഹോട്ടൽ അവന്യൂവിലെ അഖിൽ ചന്ദ്രനും ക്രൗൺ പ്ലാസയിലെ ടിബിൻ ഇമ്മാനുവലും വെള്ളിയും ക്രൗൺ പ്ലാസയിലെ അജോ സണ്ണിയും ഗോകുലം പാർക്കിലെ കൽപ്പനയും വെങ്കലവും നേടി. വാക്വം ക്ലീനർ റേസിൽ അവന്യൂ റീജന്റിലെ സിദ്ധാർത്ഥ് ശങ്കർ, ഗോകുലം പാർക്കിലെ സുഭാഷിഷ് സാഹൂ എന്നിവർ സ്വർണവും ഗോകുലം പാർക്കിലെ ജിബിൻ വെള്ളിയും ഗോകുലം ഗ്രാൻഡിലെ അജയ് വെങ്കലവും സ്വന്തമാക്കി. ടവൽ ആർട്ട് മത്സരത്തിൽ ക്രൗൺ പ്ലാസയിലെ വിശാൽ കെ എം, ടിബിൻ ഇമ്മാനുവൽ, അജോ സണ്ണി എന്നിവർ സ്വർണവും ആദർശ് ജാക്സൺ വെള്ളിയും അബാദ് പ്ലാസയിലെ സാഗർ, കിഷോർ ഖാൻ തോമസ് എന്നിവർ വെങ്കലവും നേടി. ബെഡ് മേക്കിംഗിൽ ക്രൗൺ പ്ലാസയിലെ വിശാൽ കെ എം സ്വർണവും അജോ സണ്ണി വെള്ളിയും ഡച്ച് ബംഗ്ലാവിലെ മിഥുൻ വെങ്കലവും സ്വന്തമാക്കി.

